# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കോളേജ്, വെള്ളായണി

നം. ഇ. എസ് (1)/370/2024 തീയതി : 25/01/2024

**വിജ്ഞാപനം**

വെള്ളായണി കാർഷിക കോളേജിലെ 2 വകുപ്പുകളിൽ ഒഴിവുള്ള അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ ഓരോ അസിസ്റ്റന്റ് പ്രൊഫസർമാരെ നിയമിക്കുന്നതിന് തിരുവനന്തപുരത്തുള്ള കാർഷിക കോളേജ്, വെള്ളായണിയിൽ വച്ച് 13/02/2024 രാവിലെ 10 മണിക്ക് യൂണിവേഴ്സിറ്റി ചട്ടങ്ങൾക്കനുസൃതമായി ബന്ധപ്പെട്ട വിഷയത്തിൽ വാക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വിഭാഗം | എണ്ണം | യോഗ്യതകൾ | | ശമ്പളം |
|---|---|---|---|---|---|
| | | | അടിസ്ഥാന യോഗ്യത | അഭിലഷണീയ യോഗ്യത | |
| 1 | അഗ്രിക്കൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ് (കരാർ) | 1 | M.Sc. അഗ്രിക്കൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ് + NET | Ph.D അഗ്രിക്കൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സിൽ ഒരു വർഷത്തിൽ കുറയാതെ അദ്ധ്യാപക പ്രവർത്തി പരിചയം | 44,100/- |
| 2 | ഫിസിക്കൽ എഡ്യൂക്കേഷൻ (കരാർ) | 1 | M.Sc. ഫിസിക്കൽ എഡ്യൂക്കേഷൻ + NET | Ph.D ഫിസിക്കൽ എഡ്യൂക്കേഷനിൽ ഒരു വർഷത്തിൽ കുറയാതെ അദ്ധ്യാപക പ്രവർത്തി പരിചയം | 44,100/- |

താൽപര്യമുള്ളവർ വിദ്യാഭ്യാസ യോഗ്യത, ജനന തീയതി, വയസ്സ്, ജാതി തുടങ്ങിയവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സൽ, അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവ സഹിതം അഭിമുഖത്തിന് രാവിലെ 10.00 മണിക്ക് കാർഷിക കോളേജ് വെള്ളായണി ഡീനിന്റെ ഓഫീസിൽ എത്തിച്ചേരേണ്ടതാണ്.

വ്യവസ്ഥകളും നിബന്ധനകളും

- നിയമനരീതി : നിയമനം പൂർണ്ണമായും താല്ക്കാലികവും കരാർ അടിസ്ഥാനത്തിലും ആയിരിക്കും. ഒരു വർഷത്തേക്കോ, സ്ഥിരം നിയമനം/സ്ഥലംമാറ്റം മുഖേന ഒഴിവു നികത്തൽ നടക്കുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ ആയിരിക്കും. കരാർ കാലാവധി അവസാനിച്ചതിനുശേഷം പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.
- വയസ്സ് 01/12/2024 – ന് പരമാവധി 40 വയസ്സ് പൂർത്തിയാകാൻ പാടുള്ളതല്ല. യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് നിലവിലുള്ള സർക്കാർ ചട്ടങ്ങൾക്കനുസരിച്ച് പ്രായപരിധിയിൽ ഇളവ് ലഭിക്കുന്നതാണ്.
- നെറ്റ് യോഗ്യതയുള്ള ഉദ്യോഗാർത്ഥിയുടെ അഭാവത്തിൽ ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദമുള്ളവരെയും പരിഗണിക്കും.
- അഭിമുഖത്തിൽ പങ്കെടുക്കുന്നതിന് TA/DA നൽകുന്നതല്ല.
- ശമ്പളം : പ്രതിമാസ പ്രതിഫലം 44,100/- രൂപ (നാൽപത്തി നാലായിരത്തി ഒരു നൂറ് രൂപ മാത്രം) മൊത്തം തുകയായി നിശ്ചയിച്ചിരിക്കുന്നു. വേതനം ലഭിക്കുന്നതല്ലാതെ മറ്റൊരു അവകാശവും ടി വ്യക്തികൾക്ക് സർവ്വകലാശാലയിൽ ഉണ്ടായിരിക്കുന്നതല്ല.
- ഒരു പ്രത്യേക വിഷയത്തിൽ അഭിമുഖത്തിൽ പങ്കെടുക്കുന്നവരുടെ എണ്ണം 25-ൽ കൂടുതൽ ആണെങ്കിൽ അഭിമുഖം ആരംഭിക്കുന്നതിന് മുൻപ് ബന്ധപ്പെട്ട വിഷയത്തിൽ ഒരു എഴുത്ത് പരീക്ഷ നടത്തുന്നതായിരിക്കും.
- തിരഞ്ഞെടുക്കപ്പെട്ടാൽ KAU Act/Statute അനുസരിച്ച് ആ തസ്തികയിൽ നിഷ്കർഷിച്ചിട്ടുള്ള ചുമതലകൾ എല്ലാം തന്നെ നിർവ്വഹിക്കേണ്ടതാണ്.
- കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന അസിസ്റ്റന്റ് പ്രൊഫസർ (കരാർ) കരാർ നിയമ വ്യവസ്ഥകൾ പ്രകാരമുള്ള ഉടമ്പടി നൽകേണ്ടതാണ്

25/1/24

ഡോ. റോയ് സ്റ്റീഫൻ
ഡീൻ ഓഫ് ഫാക്കൽറ്റി

വി/29/01/2024